(കെ) മാനന്തവാടി ഗ്രാമപഞ്ചായത്ത് ഓതറൈസേഷൻ കാലാവധി നീട്ടിക്കിട്ടാൻ അപേക്ഷ സമർപ്പിച്ചതിനെതിരെ ലഭിച്ച പരാതികളുടെ വെളിച്ചത്തിൽ പരാതിക്കാരുമായും പഞ്ചായത്തുമായും ബോർഡ് ഉദ്യോഗസ്ഥർ ചർച്ചനടത്തി. മാനന്തവാടി ഗ്രാമപഞ്ചായത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ഇല്ലാത്തതുകാരണം ചൂട്ടക്കടവിലെ സ്ഥലത്തിന് ഓതറൈസേഷൻ കാലാവധി നീട്ടികൊടുക്കണമെന്നായിരുന്നു പഞ്ചായത്തിന്റെ വാദം. മറ്റ് സ്ഥലങ്ങൾ ലഭ്യമാകുകയാണെങ്കിൽ അവിടെ പ്ലാന്റ് സ്ഥാപിക്കാൻ ഒരുക്കമാണെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മറ്റ് പത്ത് സ്ഥലങ്ങൾ പരാതിക്കാർ ചൂണ്ടിക്കാണിക്കുകയും ബോർഡിലെ സീനിയർ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ചെയ്തു. മാനന്തവാടി വില്ലേജിലെ ശ്രീ. മൊട്ടപ്പശ്ശേരി ഇട്ടന്റെ ഉടമസ്ഥതയിലുള്ള രണ്ടര ഏക്കർ സ്ഥലം ഏറ്റവും ഉചിതമാണെന്നു കണ്ടു. സ്ഥലത്തിന്റെ തെരഞ്ഞെടുക്കൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗരേഖ അനുസരിച്ചായിരുന്നു. ടി സ്ഥലം ഉയർന്ന പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥലത്തിന്റെ അടുത്തായി ജലസ്രോതസ്സുകളോ പാർപ്പിടങ്ങളോ ഇല്ല. ഈ സ്ഥലം പ്ലാന്റിന് അനുയോജ്യമാണെന്നാണ് ബോർഡിന്റെ അഭിപ്രായം. അതുകൊണ്ടാണ് പഞ്ചായത്ത്, കബനീ നദീതീര ചൂട്ടക്കടവിലേക്കായി നൽകിയ ഓതറൈസേഷൻ നീട്ടിക്കൊടുക്കാനുള്ള അപേക്ഷ ബോർഡ് 20-6-2005-ലെ ഉത്തരവിൻപ്രകാരം നിരസിച്ചത്. ഇക്കാര്യം ബഹു. ഹൈക്കോടതിയുടെ ഉത്തരവിനു വിധേയമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിലും പരിഗണനയിലുമായതിനാലും അക്കാര്യത്തിൽ നിയമാനുസൃത തീർപ്പിനുശേഷമേ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ.

പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ

170 [155] *ശ്രീ. സി. പി. രാമകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടി മുന്നോട്ടുവരുന്ന സ്ഥാപനങ്ങൾക്ക് ബോർഡ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൻമേൽ ബോർഡ് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം നൽകിയ അനുമതി അകാരണമായി പിൻവലിക്കാറുണ്ടോ; ഇല്ലെങ്കിൽ മാനന്തവാടി ഗ്രാമ പഞ്ചായത്തിന് ബോർഡ് നൽകിയ അനുമതി പിൻവലിക്കാൻ ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മലിനീകരണം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം 1974, വായു മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം- 1981 എന്നീ നിയമങ്ങൾ അനുസരിച്ചുള്ള നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് സ്വീകരിച്ചുവരുന്നു. കൂടാതെ, പരിസ്ഥിതി സംരക്ഷണ നിയമം, 1986 അനുസരിച്ച് ഹസ്സാർഡ്സ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ്-1989, ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് -1998, റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ്-1999, മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡ്ലിംഗ്) റൂൾസ്-2000 തുടങ്ങിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികളും ബോർഡ് എടുത്തുവരുന്നു. വ്യവസായ ശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ മുതലായ സ്ഥാപനങ്ങൾ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കുകയും പോരായ്മകൾ അതാത് സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും മുൻകരുതൽ നടപടികൾ എടുപ്പിക്കുകയും ചെയ്തു വരുന്നു. നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുന്നു. പരിസ്ഥിതിഘടകങ്ങളായ ജലം, വായു തുടങ്ങിയവയുടെ ഗുണനിലവാരം തിട്ടപ്പെടുത്തുക, മാലിന്യസ്രോതസ്സുകൾക്ക് പരിധി നിശ്ചയിക്കുക, പൊതുജന ബോധവൽക്കരണ പരിപാടികളും മാലിന്യനിർമ്മാർജ്ജന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയ നടപടികളും ബോർഡ് എടുത്തുവരുന്നു.

(ബി) സ്ഥാപനങ്ങൾ ബോർഡിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ബോർഡ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അനുയോജ്യമാണെങ്കിൽ നിബന്ധനാവിധേയമായ സ്ഥാപനാനുമതി നൽകുന്നു. ഖരമാലിന്യ സംസ്കരണത്തിന് മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് അനുസരിച്ച് സംസ്കരണ നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കാൻ ബോർഡ് റൂൾസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളോടുകൂടിയ ആതറൈസേഷൻ നൽകുന്നു. മാലിന്യസംസ്കരണ സംവിധാനങ്ങളുടെ പര്യാപ്തത പരിശോധിക്കുകയും പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ അനുമതിക്കുവേണ്ടി അപേക്ഷ ലഭിക്കുമ്പോൾ ബോർഡ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്ലാന്റ് സ്ഥാപിക്കാൻ സ്ഥലം അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നു. അനുയോജ്യമെന്ന് കാണുന്നു എങ്കിൽ മുനിസിപ്പൽ സോളിഡ് വേസ്റ്റ് റൂൾസ് അനുസരിച്ചുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ച് സംവിധാനം സ്ഥാപിക്കാനുള്ള ആതറൈസേഷൻ നൽകുന്നു. നിബന്ധനകൾ പാലിക്കുന്നുവോ എന്ന് ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനുശേഷം നൽകിയ അനുമതി അകാരണമായി പിൻവലിക്കാറില്ല. മാനന്തവാടി ഗ്രാമ പഞ്ചായത്തിന് ചൂട്ടക്കടവ് എന്ന സ്ഥലത്ത് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ 12-7-2002-ൽ ബോർഡ് ആതറൈസേഷൻ നൽകിയിരുന്നു. എന്നാൽ ശ്രീമതി കെ. മറിയം, പൊന്നമ്പത്തു ഹൗസ്, ചൂട്ടക്കടവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ നൽകിയ പരാതിയിൽ കബനി നദി പ്രസ്തുത സ്ഥലത്തിനോട് ചേർന്ന് ഒഴുകുന്നതായും വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷൻ 200 മീറ്റർ അടുത്തുണ്ടെന്നും മഴക്കാലത്ത് ഈ സ്ഥലത്ത് വെള്ളം കെട്ടുമെന്നും അടുത്ത് ആൾ താമസം ഉണ്ടെന്നും പറഞ്ഞിരുന്നു. കൂടാതെ ശ്രീമതി മറിയം ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 26747/2004-ൽ 13-9-2004-ൽ കോടതി ബോർഡിനോട് പരാതി പരിശോധിച്ച് നിയമാനുസരണമായുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവായി. ചൂട്ടക്കടവ് പ്ലാന്റിനെതിരെ മറ്റു പല പരാതികളും ബോർഡിന് ലഭിച്ചു. ഇതിനിടയിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ചപ്പ് ചവറുകൾ നിക്ഷേപിക്കാനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള "ഗൈഡ് ലൈൻസ് ഫോർ ദി സെലക്ഷൻ ഓഫ് സൈറ്റ് ഫോർ ലാന്റ് ഫില്ലിംഗ്" തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇതെല്ലാം കണക്കിലെടുത്ത് ഹൈക്കോടതി വിധി അനുസരിച്ച് ചൂട്ടക്കടവിലെ സ്ഥലത്തിന്റെ പര്യാപ്തത ഒന്നുകൂടി വിലയിരുത്താൻ വേണ്ടിയാണ് മാലിന്യ നിർമ്മാർജ്ജന പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ പഞ്ചായത്തിനോട് ബോർഡ് ആവശ്യപ്പെട്ടത്. വിശദമായ പരിശോധനയ്ക്കുശേഷം ചൂട്ടക്കടവിലെ നിർദ്ദിഷ്ട സ്ഥലത്തെക്കാൾ അനുയോജ്യം മറ്റൊരു സ്ഥലമാണെന്ന് ബോർഡ് കാണുകയും 20-6-2005-ലെ ഉത്തരവ് പ്രകാരം അക്കാര്യം പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു.

സുനാമി ദുരന്ത-പുനരധിവാസ പ്രവർത്തനങ്ങൾ

171 [172] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുനാമി ദുരന്തബാധിതർക്കുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സുനാമിദുരിതാശ്വാസ പ്രവർത്തനത്തിന് സർക്കാരിന് ആകെ ലഭിച്ച തുക എത്രയാണ്;

(സി) ഈ തുക ഏതെല്ലാം മേഖലകളിൽ നിന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സർക്കാർ, സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly